**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **07-07-2022 - ൽ മറുപടിയ്ക്ക്**

**നിയോജക മണ്ഡല അടിസ്ഥാനത്തിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 2/4/22 ലെ സ.ഉ (MS) 31/22/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് എന്നാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ടി ഉത്തരവിൽ പരാമർശമില്ല. ഇപ്രകാരം അപേക്ഷകൾ ലഭ്യമാകുകയാണെങ്കിൽ പരിശോധിക്കാവുന്നതാണ്. |
| (ബി) | സ്വകാര്യ വ്യക്തികൾക്കും ഇത്തരത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | സ.ഉ(എം.എസ്)നം.31/2022/വ്യവ. തീയതി 02.04.2022 പ്രകാരം സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.എന്നാൽ സ്വകാര്യ വ്യക്തികളെയും പരിഗണിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കിയ ഭേദഗതി നിർദ്ദേശം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ